ഉത്തരം

(എ) ഉണ്ട്.

(ബി) റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി 340 ലക്ഷം രൂപ അടങ്കൽ തുക മതിപ്പിൽ ആലുവാ മുനിസിപ്പാലിറ്റിയിൽ ശ്രീകൃഷ്ണ ക്ഷേത്രക്കടവിന്റെ താഴ് ഭാഗത്ത് കുളിക്കടവ് നിർമ്മാണം, പെരിയാറിന്റെ ഇടതുകരയുടെ പുനരുദ്ധാരണം എന്നീ പ്രവർത്തികളുടെ എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി ജില്ലാ കളക്ടർ മുഖേന റവന്യൂ വകുപ്പിൽ അയച്ചിട്ടുണ്ട്. കാവുങ്കതെറ്റിയിൽ കടവ് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. റവന്യൂ ഡിപ്പാർട്ട്മെന്റ്. ആർ. എം. എഫിൽ നിന്നും തുക അനുവദിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതാണ്.

(സി) ഇല്ല.

(ഡി) റവന്യൂ വകുപ്പാണ് ആർ. എം. എഫിലെ പ്രവൃത്തികൾ അംഗീകരിക്കേണ്ടത്. ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി പ്രവർത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ

74 [531] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടക്കുന്നത്;

(ബി) ടി പദ്ധതി എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷന്റെ ഏതൊക്കെ പ്രവർത്തനങ്ങളാണ് നടന്നു വരുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാകും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1. പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ 23-ാം കി. മീറ്ററിലെ ചിറക്കത്താഴം ലിഫ്റ്റ് ഇറിഗേഷൻ പണികൾ.

2. കോട്ടപ്പുറം മൈനർ ഡിസ്ട്രിബ്യൂട്ടറിയുടെ രണ്ടാം ഭാഗം 1,200 മീ. മുതൽ 2570 മീ. വരെ.

3. ഭൂതക്കുളം മൈനർ ഡിസ്ട്രിബ്യൂട്ടറിയുടെ 0 മുതൽ 3,350 മീറ്റർ വരെയും ഭൂതക്കുളം സബ് മൈനർ 0 മുതൽ 403 മീ. വരെയും.

4. കോട്ടപ്പുറം മൈനർ ഡിസ്ട്രിബ്യൂട്ടറിയുടെ ഒന്നാം ഭാഗം 0 മുതൽ 1,200 മീറ്റർ വരെ

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ചിറക്കത്താഴം ലിഫ്റ്റ് ഇറിഗേഷൻ പണി 90% പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന പൈപ്പുകളുടെ സ്ഥാപനം ഫെബ്രുവരി 10-ാം തീയതിക്കു മുൻപ് പൂർത്തിയാക്കണമെന്ന് കരാറുകാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അല്ലാത്ത പക്ഷം കരാറുകാരന്റെ ബാദ്ധ്യതയിൽ ഇപ്പോഴത്തെ കരാർ റദ്ദാക്കി പുതിയ കരാർ നൽകാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

2. കോട്ടപ്പുറം ഡിസ്ട്രിബ്യൂട്ടറി ഒന്നാം ഭാഗം 0 മീറ്റർ മുതൽ 1,200 മീറ്റർ വരെയുള്ള പണികൾ 30% പൂർത്തിയായിട്ടുണ്ട്. പണിയുടെ പുരോഗതി മന്ദഗതിയിൽ ആയതിനാൽ ഈ കരാർ റദ്ദാക്കി പുതിയ കരാർ നൽകാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. കോട്ടപ്പുറം മൈനർ ഡിസ്ട്രിബ്യൂട്ടറിയുടെ രണ്ടാം ഭാഗം 1,200 മീറ്റർ മുതൽ 2,570 മീറ്റർ വരെയുള്ള ഈ പദ്ധതി 65% പൂർത്തിയായിട്ടുണ്ട്. പൂർത്തിയായ പണികളുടെ മൂന്ന് പാർട്ട് ബില്ലുകളിൽ പേമെന്റ് നടക്കാത്തതിനാൽ, സാമ്പത്തിക ബുദ്ധിമുട്ടുമൂലം ശേഷിക്കുന്ന പണികൾ പൂർത്തിയാക്കുന്നതിന് 2006 ഒക്ടോബർ 31 വരെ സമയപരിധി നീട്ടുന്നതിനുവേണ്ടി കരാറുകാരന്റെ ആവശ്യപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

4. ഭൂതക്കുളം മൈനർ ഡിസ്ട്രിബ്യൂട്ടറിയുടെ 0 മീറ്റർ മുതൽ 3,350 മീറ്റർ വരെയും ഭൂതക്കുളം സബ് മൈനർ 0 മുതൽ 403 മീറ്റർ വരെയുള്ള പണികൾ 80 ശതമാനം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന പണികൾ 2006 ഏപ്രിൽ30-ന് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ചെറുകിട ജലസേചന വകുപ്പിന്റെ കീഴിൽ താഴെ പറയുന്ന പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്നു.

1. പദ്ധതി സംരക്ഷണം—നെടുമ്പന പഞ്ചായത്തിൽ പെങ്ങാക്കോണം ഏലായുടെ നടുത്തോടിന്റെ സംരക്ഷണപണികൾ.

2. പദ്ധതി സംരക്ഷണം—ചാത്തന്നൂർ പഞ്ചായത്തിൽ മണലിമുക്ക് ഏലാ തോടിന്റെ പാർശ്വഭിത്തി സംരക്ഷണവും, നടപ്പാലത്തിന്റെ നിർമ്മാണവും.

(ഡി) ഈ പ്രവർത്തികളിൽ ഒന്നാമത്തെ ജോലിക്കുള്ള കരാർ 19-12-2005-ൽ ഒപ്പുവയ്ക്കുകയും അവ ഉടൻ തുടങ്ങുമെന്ന് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാമത്തെ ജോലിക്കുള്ള ദർഘാസിന് അംഗീകാരം നൽകി നടപ്പിലാക്കേണ്ടതായും ഉണ്ട്.

പുഴയോര സംരക്ഷണത്തിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ

75 [532] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴയോര സംരക്ഷണത്തിന് ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly